## നൈനാംകോണം കുടിയിറക്ക്

# ഇങ്ങനെയും കേരളത്തിൽ?!

**ദളിതരും ദരിദ്രരുമായ നൈനാംകോണം കോളനിയിലെ സാധാരണ മനുഷ്യരെ കഴിഞ്ഞ ഫെബ്രുവരി 16 ന് കുടിലുകൾ ഇടിച്ചു നിരത്തി കുടിയിറക്കി. കുടിയിറക്കലിനുശേഷം ജൂലായ് 9 ന് ഭൂസമര മുന്നണിയുടെ ജനകീയ കൺവൻഷൻ നടന്നു. ജൂലായ് 12 ന് സംഘർഷം, അറസ്റ്റ്. ജൂലായ് 23 ന് പ്ലാച്ചിമടയിലേക്കുള്ള ജനാധികാര യാത്രയിൽ മേധാ പട്ക്കർ ചെന്നപ്പോൾ കോളനിയിൽ പ്രവേശിപ്പിച്ചില്ല. പ്രശ്നം ഇപ്പോഴും അവസാനിച്ചിട്ടില്ല. മുഖ്യധാര രാഷ്ട്രീയ പാർട്ടികളോ, പൊതുസമൂഹമോ, പത്രമാധ്യമങ്ങളോ പ്രശ്നത്തിൽ വേണ്ടത്ര താല്പര്യമെടുത്തിട്ടില്ല.**

**തിരുവനന്തപുരം ജില്ലയിലെ നാവായ്കുളം ദേശം/ വില്ലേജിലെ നൈനാംകോണം പ്രദേശത്ത് കുടിയിറക്കൽ നടന്നതായും അതുമായി ബന്ധപ്പെട്ട് മനുഷ്യാവകാശ ധ്വംസനങ്ങൾ നടക്കുന്നതായും ഭീകരാന്തരീക്ഷം നിലനിൽക്കുന്നതുമായുള്ള വിവരം അറിഞ്ഞ് കേരളത്തിന്റെ വിവിധ ഭാഗത്തുനിന്നുള്ള സാമൂഹ്യ പ്രവർത്തകരുടെയും എഴുത്തുകാരുടെയും ഒരു സംഘം അവിടെ നടന്ന അതിക്രമങ്ങളെക്കുറിച്ച് അന്വേഷിക്കുന്നതിന് തയ്യാറായി. എഴുത്തുകാരിയായി ഡോ. പി. ഗീത ചെയർപേഴ്സണും, എഴുത്തുകാരും പൗരാവകാശ പ്രവർത്തകരുമായ ഡോ. എ.കെ. രാമകൃഷ്ണൻ, കെ.എം. വേണുഗോപാലൻ, ടി.കെ. വാസു (പി.യു.സി.എൽ.), ഐ. ഗോപിനാഥ്, സ്ത്രീവേദി പ്രവർത്തകരായ കെ. ദേവി, എലിസബത്ത് ഫിലിപ്പ് (സഹജ) എന്നിവർ അംഗങ്ങളായ ജനകീയ അന്വേഷണം സംഘം ജൂലായ് 20 ന് കോളനി സന്ദർശിച്ചു. അവരുടെ ജനകീയ അന്വേഷണ റിപ്പോർട്ടിൽനിന്ന്.**

### നിരീക്ഷണങ്ങളും നിഗമനങ്ങളും

• കുടിക്കാൻ വെള്ളവും ശ്വസിക്കാൻ വായുവുമെന്ന പോലെ നിലനില്ക്കാൻ മണ്ണും ജീവജാലങ്ങളുടെ അടിസ്ഥാന അവകാശമാണ്. നൈനാംകോണത്തെ ദളിതരും ദരിദ്രരുമായ ജനതയുടെ ഈ മൗലികാവകാശം ലംഘിക്കപ്പെട്ടിരിക്കുന്നു.

• ബന്ധപ്പെട്ട അധികാരികളോ ജനപ്രതിനിധികളോ ഉദ്യോഗസ്ഥരോ നൈനാംകോണം പ്രശ്നത്തിൽ ഇടപെട്ടതായി തോന്നുന്നില്ല.

• മുഖ്യധാരാ രാഷ്ട്രീയ കക്ഷികൾ ഇക്കാര്യത്തിൽ കുറ്റകരമായ അലംഭാവമാണു പുലർത്തിയതെന്നു സംഘംകരുതുന്നു.

• ആദ്യഘട്ടം മുതൽ മാധ്യമങ്ങൾ പ്രശ്നത്തെ അവഗണിക്കുകയും തമസ്കരിക്കുകയും ചെയ്തതായി കാണുന്നു. അതുകൊണ്ടുതന്നെ പ്രശ്നം അതർഹിക്കുന്ന ഗൗരവത്തോടെ മുഖ്യധാരയിൽ എത്തുകയുണ്ടായില്ല. ചുരുക്കം പത്രങ്ങളുടെ ജില്ലാ പേജിൽ ചെറിയ കോളങ്ങളായി വാർത്ത ഒതുങ്ങുകയാണുണ്ടായത്.

• നൈനാംകോണം കോളനിയിലെ പ്രശ്നങ്ങൾ നിഗൂഢവൽക്കരിക്കുന്നതിനും അവിടെ ഭീകരാന്തരീക്ഷമുണ്ടാക്കുന്നതിനും കോളനിയെ പൊതുധാരയിൽ നിന്നൊറ്റപ്പെടുത്തുന്നതിനും ഇടയായത് മുഖ്യധാരാ രാഷ്ട്രീയ കക്ഷികളുടെയും മാധ്യമങ്ങളുടെയും നിരുത്തരവാദപരമായ സമീപനമാണെന്ന് സംഘം വിലയിരുത്തുന്നു.

• കോളനിയിൽ ഹിംസയും ഭീതിയും അക്രമവും അഴിച്ചുവിട്ടത് പോലീസും പുറത്തുനിന്നുള്ള ഗുണ്ടകളും ആയിരുന്നെന്ന് സംഘം മനസ്സിലാക്കുന്നു. കോളനിയിൽ സമരം നയിച്ചവർ തികച്ചും ജനാധിപത്യപരമായ മാർഗങ്ങളാണ് സമരത്തിനവലംബിച്ചു കാണുന്നത്. ഇവരെയൊക്കെ തീവ്രവാദികളെന്നു മുദ്ര കുത്തി കോളനിയിൽ അക്രമമുണ്ടാക്കുന്നവരാണെന്ന തെറ്റിദ്ധാരണ പരത്തുകയാണ് ബന്ധപ്പെട്ട അധികാരികൾ ചെയ്തത്. ഇതന്വേഷിച്ചെത്തിയ സാമൂഹ്യപ്രവർത്തകരെയും പൗരാവകാശ പ്രവർത്തകരെയും പോലീസ് തടവിലാക്കിയത് ഇതിനു തെളിവാണ്. ഇത് യഥാർത്ഥ കുടിയിറക്കു പ്രശ്നത്തിൽനിന്ന് ജനശ്രദ്ധയും മാധ്യമശ്രദ്ധയും തിരിച്ചുവിടുന്നതിനും പ്രശ്നം മൂടിവെയ്ക്കപ്പെടുന്നതിനും കാരണമായിട്ടുണ്ട്. പ്രശ്നത്തോട് ഉചിതമായി പ്രതികരിക്കുന്നതിനും അതു പരിഹരിക്കുന്നതിനും പകരം ഭീകരാന്തരീക്ഷമാണ് കുടിയിറക്കു നടത്തിയവരും പോലീസും നൈനാംകോണത്തുണ്ടാക്കിയെടുത്തിരിക്കുന്നത്. ഇടപെടുന്ന ആരെയും തീവ്രവാദിയെന്നു മുദ്രകുത്തി ഒറ്റപ്പെടുത്തുന്നതിനും സംശയിക്കുന്നതിനുമാണ് ഈ സാഹചര്യം കാരണമായത്. ഇത് പ്രശ്നത്തോടും ഇരകളായവരോടും നടത്തുന്ന വഞ്ചനയാണ്.

• കോളനി നിവാസികൾക്കിടയിൽ വിഭാഗീയത സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ഐക്യത്തോടെ പ്രശ്നത്തെ നേരിടുന്നതിനുപകരം പരസ്പരം അവിശ്വസിക്കാനും ശത്രുതയിലാകാനുമാണ് ഈ വിഭാഗീയത സഹായിക്കുന്നത്. സങ്കുചിതമായ സാമുദായിക, ജാതിരാഷ്ട്രീയത്തിന്റെ സാധ്യതകളുപയോഗിച്ചുകൊണ്ട് അവകാശസമരത്തെ അടിച്ചമർത്തുന്നതായാണ് സംഘത്തിനു ബോധ്യപ്പെട്ടത്. വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളാണ് ഇതിന്റെ ലക്ഷ്യമെന്നു സംഘം കരുതുന്നു.

• കോളനിയിൽ 2005 ഫെബ്രുവരി 16, ജൂലായ് 12, ജൂലായ് 23 എന്നീ ദിവസങ്ങളിലുണ്ടായ സംഭവങ്ങൾ

തികച്ചും ഏകപക്ഷീയവും ജനാധിപത്യവിരുദ്ധവുമായിരുന്നു. യാതൊരു പ്രകോപനവുമില്ലാത്ത അക്രമങ്ങളാണവിടെ നടന്നത്.

• കോളനി സന്ദർശിച്ച സാമൂഹ്യപ്രവർത്തകരെ തീവ്രവാദികളെന്നു മുദ്രകുത്തി പോലീസ് അന്യായമായി അറസ്റ്റു ചെയ്തിട്ടുണ്ട്.

• അനുഭവപ്പെട്ട അനീതിക്കെതിരെ സംഘടിക്കാനും ജനാധിപത്യപരമായി സമരം ചെയ്യാനും അതോടൈക്യപ്പെടാനും ഏതു ജനവിഭാഗത്തിനും ഭരണഘടനാപരമായി അവകാശമുണ്ട്. ഭരണഘടനാപരമായ ഈ അവകാശത്തെ ലംഘിക്കുന്ന നടപടികൾ നൈനാംകോണത്തുണ്ടായിട്ടുണ്ട്.

• നൈനാംകോണത്തെ പാവപ്പെട്ടവരുടെ പ്രശ്നം സത്യസന്ധവും ഗുരുതരവുമാണെന്നു പോലീസധികാരികൾക്കും ബോധ്യപ്പെട്ടിട്ടുണ്ടെന്നു സംഘം കരുതുന്നു. കോടതിയുത്തരവിനെ അനുസരിക്കുക മാത്രമായിരുന്നു തങ്ങളെന്നാണ് പോലീസ് പറയുന്നത്. കുടിയൊഴിപ്പിക്കൽ മാത്രമായിരുന്നുവല്ലോ കോടതി നിർദ്ദേശം. എന്നാൽ കുടിലുകൾ ജെ.സി.ബി. കൊണ്ടു തകർത്തു നിരപ്പാക്കിയത് ആരുടെ ഏതുത്തരവനുസരിച്ചായിരുന്നു? പുറത്തുനിന്നുള്ള സാമൂഹ്യപ്രവർത്തകരെ അറസ്റ്റു ചെയ്യുന്ന പോലീസ് എന്തുകൊണ്ടാണ് പുറത്തുനിന്നുള്ള ഗുണ്ടകളെ തടയാത്തതെന്ന് സംഘം അത്ഭുതപ്പെടുന്നു. അതിനാൽ ഇക്കാര്യത്തിൽ നിഷ്പക്ഷമായ നീതിനിർവഹണത്തിൽ പോലീസിനെ തടയുന്ന മാന്യശക്തികളുടെ ഇടപെടലുകളും ഘടകങ്ങളുമുണ്ടായിരിക്കാമെന്നു സംഘം നിരീക്ഷിക്കുന്നു.

• കുടിയിറക്ക് കോടതിയുത്തരവനുസരിച്ചാണെങ്കിലും തികച്ചും അന്യായവും അനീതിപൂർവവും മനുഷ്യത്വരഹിതവുമായിരുന്നെന്നു സംഘം മനസ്സിലാക്കുന്നു. തലമുറകളായി നൈനാംകോണത്തു താമസിച്ചുവരികയായിരുന്നു കുടിയിറക്കപ്പെട്ടവർ. തീർത്തും ദുർബ്ബലരായ ഒരു വിഭാഗത്തോടു കാണിക്കാവുന്ന ഏറ്റവും ക്രൂരമായ അതിക്രമമായി 16-02-05 ന്റെ കുടിയിറക്കിനെ സംഘം വിലയിരുത്തുന്നു. നിയമത്തിന്റെയും തെളിവുകളുടെയും രേഖകളുടെയും കേവല സാങ്കേതികതയ്ക്കപ്പുറത്തുള്ള ആത്യന്തികമായ മാനവികനീതിയുടെ പ്രശ്നമാണ് നൈനാംകോണം കേരളസമൂഹത്തിന് മുമ്പാകെ ഉന്നയിക്കുന്നത്.

• ഭൂസമരമുന്നണിയുടെ നേതൃത്വത്തിൽ നൈനാംകോണത്തു നടന്ന സമാധാനപരമായ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏതാനും മാസങ്ങളായി കേരളത്തിന്റെ പലഭാഗത്തുനിന്നും ജീവിതത്തിന്റെ നാനാതുറകളിൽ പ്രവർത്തിക്കുന്ന വ്യക്തികൾ നൈനാംകോണത്തു വന്നിരുന്നു. ഈ പ്രവർത്തനങ്ങളെയാകെ തീവ്രവാദമായി കാണുന്ന സമീപനമാണ് പോലീസധികാരികളും കോളനിനിവാസികളിൽ ചിലരും സംഘത്തോടു പങ്കുവെച്ചത്. നിർദ്ദയമായ ഒഴിപ്പിക്കലിനെതിരായി വ്യാപകമായി ഉണരുന്ന സാമൂഹ്യമനഃസാക്ഷിക്കു മുന്നിൽ ഉയരുന്ന ചോദ്യങ്ങളെ ഒഴിവാക്കാൻ വേണ്ടി സൗകര്യപ്രദമായ തീവ്രവാദി ലേബലുകൾ കാട്ടിയും ഇതിന്റെ പേരിൽ കേസുകൾ ചമച്ചും ജനങ്ങളെ സമാധാനപരവും ജനാധിപത്യപരവുമായ പ്രവർത്തനങ്ങളിൽ നിന്നുപോലും പിന്തിരിപ്പിക്കാൻ പണവും അധികാരവുമുള്ളവർ ശ്രമിക്കുകയാണെന്ന് സംഘം മനസ്സിലാക്കുന്നു. ഈ പ്രവണത പ്രശ്നത്തെ നിയമാനുസൃത മാർഗ്ഗങ്ങളിലൂടെ പരിഹാരം കണ്ടെത്തുന്നതിനുള്ള മനുഷ്യസ്നേഹികളുടെയും നിസ്വാർത്ഥമതികളായ സാമൂഹ്യപ്രവർത്തകരുടെയും പരിശ്രമങ്ങൾക്കു ഗുരുതരമായ തടസ്സങ്ങൾ ഉണ്ടാക്കുമെന്ന് സംഘം ആശങ്കപ്പെടുന്നു.

• കോളനിക്കാരുടെ അവശവും ദുർബ്ബലവുമായ അവസ്ഥയും അജ്ഞതയും മുതലെടുത്തുകൊണ്ട് ചാലാമോഹനൻനായർ, ഇടവാ യൂസഫ് എന്നിവർ ബന്ധപ്പെട്ട അധികാരസംവിധാനങ്ങളിൽ ശക്തമായ സ്വാധീനം ചെലുത്തുന്നതായി സംഘത്തിനനുഭവപ്പെട്ടു. കോളനിക്കാർക്കിടയിൽ ഭിന്നിപ്പുണ്ടാക്കുന്നതിനും അവർക്കു സാധ്യമായിട്ടുണ്ട്. അവകാശസമരത്തെ അക്രമമായി തെറ്റിദ്ധരിപ്പിച്ചുകൊണ്ട് അതിനെതിരെ കോളനിവാസികളെ അണിനിരത്തുന്നതിൽ ഒരു പരിധിവരെ അവർ വിജയിച്ചതായി തോന്നുന്നു.

• തികച്ചും ഏകപക്ഷീയവും ജനാധിപത്യവിരുദ്ധവും മനുഷ്യത്വരഹിതവുമായ പൗരാവകാശ ലംഘനങ്ങളാണ് കോളനിക്കാർക്കെതിരെയും സാമൂഹ്യപ്രവർത്തകർക്കെതിരെയും നൈനാംകോണത്തു സംഭവിച്ചിട്ടുള്ളത്. പിറന്ന മണ്ണും വീടും നഷ്ടമായവർ, പിറന്ന മണ്ണിൽനിന്ന് അധികാരികളെയും ഗുണ്ടകളെയും ഭയന്ന് ഓടിപ്പോകേണ്ടിവന്നവർ, പിറന്നമണ്ണിനു വേണ്ടി ജനാധിപത്യപരമായി പ്രതികരിച്ചതിന് തീവ്രവാദികളെന്ന് മുദ്ര കുത്തി തടവിലടയ്ക്കപ്പെട്ടവർ, പ്രശ്നത്തിലിടപ്പെട്ടതിന്റെ പേരിൽ ജയിലിലായ സാമൂഹ്യപ്രവർത്തകർ, കള്ളക്കേസു ചുമത്തപ്പെട്ടവർ, ആക്രമിക്കപ്പെട്ട മാധ്യമപ്രവർത്തകർ എന്നിവർ അവിടെ നടന്ന മനുഷ്യാവകാശലംഘനങ്ങൾക്കു തെളിവായി സംഘം കണക്കാക്കുന്നു.

• ഏതതിക്രമങ്ങളുമെന്നപോലെ നൈനാംകോണം സംഭവങ്ങൾ ഏറ്റവുമധികം ബാധിച്ചിരിക്കുന്നത് അവിടെയുള്ള സ്ത്രീകളെത്തന്നെയാണ്. കുടിയിറക്കപ്പെട്ട് അന്യവീടുകളിൽ അഭയം തേടിയവർ, മനോനില തെറ്റിയവർ, പോലീസക്രമത്തിൽ പരിക്കേറ്റവർ, അക്രമവും പീഡനവും അവമതിയും ഏറ്റുവാങ്ങി കോളനിയിൽ നിന്നൊളിച്ചു പോകേണ്ടിവന്നവർ, ഭർത്താവും മക്കളും എവിടെയെന്നറിയാത്തവർ ഇങ്ങനെ മാനസികവും ഭൗതികവുമായ അരക്ഷിതാവസ്ഥയാണ് നൈനാംകോണത്തെ സ്ത്രീകളനുഭവിച്ചുകൊണ്ടിരിക്കുന്നതെന്ന് സംഘം നേരിട്ടറിഞ്ഞു.

• സുപ്രീം കോടതിയിൽ നൽകിയതായി പറയപ്പെടുന്ന കേസിനെപ്പറ്റി സംഘത്തിന് ആശങ്കയുണ്ട്. പ്രശ്നങ്ങൾ ശരിയായി ധരിപ്പിക്കാൻ പറ്റിയ കോളനിക്കാരെ ഞങ്ങൾ കാണുകയുണ്ടായില്ല. യഥാർത്ഥത്തിൽ കോടതിയിൽ കേസുകൊടുത്തിട്ടുണ്ടോ എന്നു ഞങ്ങൾ സംശയിക്കുന്നു. ഇനി കൊടുത്താൽത്തന്നെ സുപ്രീം കോടതി അതു ബഹു. കേരളാ ഹൈക്കോടതിയിലേക്ക് റഫർ ചെയ്താൽ ആ കേസ് ഇവർക്കനുകൂലമായിരിക്കാൻ ഇടയില്ല. ഇത് ഇരകളായ കോളനിനിവാസികളുടെ വിശ്വാസവും അജ്ഞതയും അരക്ഷിതാവസ്ഥയും മുതലെടുത്തുകൊണ്ടുള്ള സമർത്ഥവും ആസൂത്രിതവുമായ ഒരു നീക്കമായിരിക്കുമോ എന്നു ഞങ്ങൾ ഭയപ്പെടുന്നു.

## പ്രശ്നപരിഹാരത്തിനും കോളനിയിൽ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കുന്നതിനും അന്വേഷണ സംഘത്തിന്റെ നിർദ്ദേശങ്ങളും ശുപാർശകളും

• ഭൂമി നഷ്ടപ്പെട്ടവർക്ക് അതു തിരിച്ചുകിട്ടാനുള്ള നടപടികൾ സർക്കാർ ഉടൻ സ്വീകരിക്കുക. വീടു നഷ്ടമായവർക്ക്

സർക്കാർ ചെലവിൽ വീടുനിർമ്മിച്ചു നൽകണം.

• എല്ലാ കോളനി നിവാസികൾക്കും പട്ടയം ലഭിക്കാനുള്ള നടപടികൾ എത്രയും വേഗം നടക്കേണ്ടതുണ്ട്.

• വീണ്ടുമൊരു കുടിയിറക്കൽ അവിടെയുണ്ടാകില്ലെന്ന് ബന്ധപ്പെട്ടവർ ഉറപ്പുവരുത്തുക.

• സംഘർഷം ഭയന്നും പോലീസിനെ ഭയന്നും കോളനിയിൽ നിന്നൊളിച്ചോടിപ്പോയവർക്ക് തിരിച്ചുവരാനുള്ള അന്തരീക്ഷമുണ്ടാകണം.

• കോളനിയിൽ സ്ത്രീകൾക്കുനേരെ നടന്ന അതിക്രമങ്ങളെയും പീഡനങ്ങളെയും സംബന്ധിച്ച് നിഷ്പക്ഷവും നീതിപൂർവവുമായ പ്രത്യേക അന്വേഷണത്തിന് സർക്കാരുത്തരവിടണം.

• സർക്കാരും ജനപ്രതിനിധികളും മുഖ്യധാരാരാഷ്ട്രീയകക്ഷികളും കോളനി സന്ദർശിക്കുകയും പ്രശ്നത്തിൽ ക്രിയാത്മകമായി ഇടപെടുകയും വേണം. കോളനിയിലെ സമാധാനാന്തരീക്ഷം പുനഃസ്ഥാപിക്കാൻ സർക്കാർ മുൻകൈയിൽ കോളനിനിവാസികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ഒത്തുതീർപ്പു ചർച്ചകൾ ഇതിന്റെ ഭാഗമായി പല തലങ്ങളിൽ നടക്കേണ്ടതുണ്ട്.

• നൈനാംകോണം കുടിയിറക്കവുമായി ബന്ധപ്പെട്ട് ഭൂസമരമുന്നണി പ്രവർത്തകർക്കും പൗരാവകാശപ്രവർത്തകർക്കുമെതിരെ പോലീസെടുത്തിട്ടുള്ള എല്ലാ കേസുകളും പിൻവലിക്കണം. കോളനിയിൽ സൗഹാർദ്ദന്തരീക്ഷം നിലനിൽക്കാൻ ഇതാവശ്യമെന്ന് സംഘം കരുതുന്നു.

• ജനാധിപത്യവിശ്വാസികളും സാംസ്കാരിക പ്രവർത്തകരും മാധ്യമങ്ങളും കുറേക്കൂടി ഉത്തരവാദിത്വത്തോടെ ഇത്തരം പ്രശ്നത്തെ സമീപിക്കണം. ഭാവിയിൽ സംഘർഷമുണ്ടാകാതിരിക്കാനുള്ള മുൻകരുതലെന്ന നിലയ്ക്ക് ഇത് എത്രയും അടിയന്തരമാണ്.

• അവശവിഭാഗങ്ങൾക്ക് മറ്റവകാശങ്ങളെപ്പോലെ അവകാശപ്പെട്ട മണ്ണും നിഷേധിക്കപ്പെടുന്നുവെന്നാണ് നൈനാംകോണം കുടിയിറക്ക് വ്യക്തമാക്കുന്നത്. ഭൂപരിഷ്കരണ നിയമത്തിന്റെ പരിമിതികളും സാധ്യതകളും വിലയിരുത്തി അതിന്റെ പുറമ്പോക്കുകളിലുള്ളവർക്ക് നീതി ലഭിക്കത്തക്ക വിധം നിയമത്തിൽ അഴിച്ചുപണികൾക്കും ഭേദഗതികൾക്കും സർക്കാരും ബന്ധപ്പെട്ടവരും മുൻകൈയെടുക്കണം.

## 'ഉബണ്ടു' എന്നാൽ




'മുഴുവൻ മനുഷ്യവംശത്തിനു വേണ്ടി' എന്നർത്ഥം വരുന്ന ആഫ്രിക്കൻ വാക്ക്. സാധാരണക്കാർക്കുവേണ്ടിയുള്ള ഒരു ഗ്നു/ലിനക്സ് (സ്വതന്ത്ര സോഫ്റ്റ്വെയർ) ഓപ്പറേറ്റിങ്ങ് സിസ്റ്റം. വിൻഡോസ് പോലുള്ള കുത്തക ഓപ്പറേറ്റിങ്ങ് സിസ്റ്റങ്ങൾക്കു ബദലായി ഉപയോഗിക്കാം. ഓഫീസ്, മൾട്ടിമീഡിയ, ഇന്റർനെറ്റ് അപ്ലിക്കേഷനുകൾ തുടങ്ങിയവ അടങ്ങിയത്. ഇൻസ്റ്റാൾ ചെയ്യാതെ ഉപയോഗിച്ചുനോക്കാവുന്ന ലൈവ് സി.ഡി.യും, ഇൻസ്റ്റാൾ സിഡിയും അടങ്ങിയത് 'കേരളീയ'ത്തിൽ ലഭ്യമാണ്. കൂടുതലറിയാൻ GAIA യുമായി ബന്ധപ്പെടുക. info.gaia@gmail.com


## വാർത്തകൾക്കുള്ളിലെ സത്യാന്വേഷണം




കൃഷി, പരിസ്ഥിതി, ദളിത്, സ്ത്രീനീതി, മനുഷ്യാവകാശം, ഉപഭോക്തൃസംരക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം

**വാർത്തകൾ, കുറിപ്പുകൾ, വിശകലനം**

**കേരളീയം**

വരിസംഖ്യാനിരക്ക്

തപാലിൽ ലഭിക്കാൻ

12 ലക്കങ്ങൾ

സ്ഥാപനങ്ങൾക്ക് 350 രൂപ

വ്യക്തികൾക്ക് 180 രൂപ

ആജീവാനാന്ത (10 വർഷം) വരിസംഖ്യ 2000 രൂപ

ട്രസ്റ്റ് അംഗത്വം 6000 രൂപ

**M.O./D.D./P.O. അയയ്ക്കുക**

മാനേജർ,

**കേരളീയം**

കൊക്കാലെ, തൃശൂർ - 21

0487-2421385/9447674375

E-mail: keraleeyamtcr@rediffmail.com

**പാരിസ്ഥിതിക വിവേകത്തിനായി ഒരു മുഖക്കണ്ണാടി**